"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കളമശ്ശേരി നഗരസഭയിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരായ ശ്രീ. പ്രസാദ് ടി ആർ മുതൽ പേർ ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) 25838/2021 നമ്പർ കേസിന്മേലുള്ള 27.05.2025 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2589/2025/LSGD തീയതി,തിരുവനന്തപുരം, 27-10-2025

---

പരാമർശം:-

1. ശ്രീ. പ്രസാദ് ടി ആർ മുതൽ പേർ ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) 25838/2021 നമ്പർ കേസിന്മേലുള്ള 27.05.2025 ലെ വിധിന്യായം
2. ശ്രീ. പ്രസാദ് ടി ആർ മുതൽ പേർ 11.06.2025 തീയതിയായി സമർപ്പിച്ച അപേക്ഷ
3. കളമശ്ശേരി നഗരസഭ സെക്രട്ടറിയുടെ 24.06.2025 ലെ G1/2623059/25 നമ്പർ കത്ത്
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 16.10.2025 ലെ LSGD/665/2023-DEF4 നമ്പർ കത്ത്

**ഉത്തരവ്**

കളമശ്ശേരി നഗരസഭയിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരായ 11 പേർ തങ്ങളുടെ വിരമിക്കൽ സമയത്ത് ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള പെൻഷണറി ആനുകൂല്യങ്ങൾ കണക്കാക്കുന്നതിനുള്ള സ്ഥിരം സേവനത്തോടൊപ്പം ദിവസവേതന സേവനങ്ങളും കണക്കാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു.കേരള ഹൈക്കോടതി മുൻപാകെ WP(C) 25838/2021 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. ടി കേസിലെ ഹർജിക്കാർ അവരുടെ ആവശ്യം അനുബന്ധ രേഖകൾ സഹിതം മൂന്നാം എതിർകക്ഷിയായ മുനിസിപ്പാലിറ്റിയ്ക്ക് സമർപ്പിക്കണമെന്നും ആയത് ലഭിച്ച ശേഷം ടി മുനിസിപ്പാലിറ്റി അപേക്ഷകരുടെ സേവനകാലം തുടങ്ങിയ വിവരങ്ങളും അഭിപ്രായവും ഉൾപ്പെടുത്തി ആയത് മൂന്ന് ആഴ്ചയ്ക്കുള്ളിൽ സർക്കാരിന് സമർപ്പിക്കണമെന്നും ടി അപേക്ഷ ലഭിച്ച ശേഷം ഹർജിക്കാരുടെ പ്രതിനിധിയായ ഒന്നാം അപേക്ഷകനെയും മൂന്നാം എതിർകക്ഷിയായ മുനിസിപ്പാലിറ്റിയെയും കേട്ടശേഷം 3 മാസത്തിനുള്ളിൽ സർക്കാർ തീരുമാനം കൈക്കൊള്ളണമെന്നും സൂചന (1) പ്രകാരം ബഹു.ഹൈക്കോടതി ഉത്തരവായിരുന്നു.

2. കളമശ്ശേരി നഗരസഭയിൽ ശുചീകരണ തൊഴിലാളികളായി ജോലി ചെയ്യുന്ന ശ്രീ.പ്രസാദ് മുതൽ പേർ തങ്ങളുടെ സി.എൽ.ആർ സർവ്വീസ് ഗ്രാറ്റുവിറ്റിക്ക് കണക്കാക്കണമെന്ന് അപേക്ഷിച്ച് നഗരസഭ സെക്രട്ടറിയ്ക്ക് പരാമർശം (2) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

3. ബഹു.കോടതിയുടെ ഉത്തരവിൻ പ്രകാരം ശ്രീ.പ്രസാദിനെ 17.10.2025 തീയതി നേരിൽ കേൾക്കുകയുണ്ടായി. നഗരസഭയിൽ നിന്നും സീനിയർ ക്ലാർക്കും സീനിയർ സൂപ്രണ്ടും പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും സീനിയർ ക്ലാർക്കും സീനിയർ സൂപ്രണ്ടും പങ്കെടുത്തു.

4. ഹിയറിംഗ് വേളയിൽ ശ്രീ.പ്രസാദ് റ്റി.ആർ, ശ്രീ.ബാബു കെ.കെ. എന്നിവർ തങ്ങൾ 1996 മുതൽ നഗരസഭയിൽ ജോലി ചെയ്തു വരികയാണെന്നും സ്ഥിരപ്പെടുത്തിയ തീയതി പ്രാബല്യത്തിൽ ആനുകൂല്യങ്ങൾ നൽകുമ്പോൾ നാമമാത്രമായ തുകയാണ് ലഭിക്കുന്നതെന്നും സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള തങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് പ്രസ്തുത തുക പര്യാപ്തമല്ലെന്നും അറിയിച്ചു. ആയതിനാൽ തങ്ങളുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് അറിയിച്ചു.

5. സംസ്ഥാനത്തെ നഗരസഭകളിൽ 22.04.1982 ലെ GO(Ms)No.14/82/LBR ഉത്തരവിലെ മാനദണ്ഡങ്ങൾ ലംഘിച്ച് 31.12.2000 വരെ ദിവസക്കൂലിയടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട കണ്ടിജന്റ് വിഭാഗം തൊഴിലാളികളെ സ്ഥിരം തൊഴിലാളികളായി പരിഗണിക്കുന്നതിന് യോഗ്യരാക്കി 29.03.2001 ലെ GO(Ms)No.91/2001/LSGD ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരുന്നു. 17 കണ്ടിജന്റ് തൊഴിലാളികളുടെ സ്ഥിരം തസ്തിക മാത്രം നിലവിലുണ്ടായിരുന്ന കളമശ്ശേരി നഗരസഭയിൽ, ടി ജീവനക്കാരെ നിയോഗിച്ച് ശുചീകരണ പ്രവർത്തനങ്ങൾ സുഗമമായി നടത്താൻ കഴിയാത്തതിനാൽ 1995 മുതൽ സി.എൽ.ആർ വ്യവസ്ഥയിൽ 28 ശുചീകരണ തൊഴിലാളികളെ നഗരസഭാ കൗൺസിൽ താൽക്കാലികമായി നിയോഗിച്ചിരുന്നതും ടിയാളുകൾ സേവനത്തിൽ തുടർന്ന് വന്നിരുന്നതുമാണ്. 29.03.2001 ലെ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ദിവസക്കൂലിയടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട തൊഴിലാളികളെ പകരം തൊഴിലാളികളായി നിയമിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് നഗരകാര്യ ഡയറക്ടർ നിർദ്ദേശിച്ചതിന്റെയടിസ്ഥാനത്തിൽ താൽക്കാലിക തൊഴിലാളികളുടെ ലിസ്റ്റ് തയ്യാറാക്കി, സ്ഥിരം തൊഴിലാളികളുടെ ഒഴിവ് വരുന്ന മുറയ്ക്ക് ടി ലിസ്റ്റിൽ നിന്നും നിയമനം നൽകേണ്ടതാണെന്ന വ്യവസ്ഥയിൽ കളമശ്ശേരി നഗരസഭാ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. WP(C)25838/2021 നമ്പർ കേസിലെ ഹർജിക്കാരായ ശ്രീ.പ്രസാദ് മുതൽ 11 പേർ ടി ലിസ്റ്റിൽ ഉൾപ്പെട്ടവരാണ്.

6. കണ്ടിജന്റ് വിഭാഗത്തിൽ ശുചീകരണ തൊഴിലാളികളായി സർവീസ് റെഗുലറൈസ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ടിയാളുകൾ ബഹു.ഹൈക്കോടതി മുൻപാകെ WP(C)No.3180/2017 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. സ്ഥിരം നിയമനം അനുവദിക്കുന്നതിനായി നഗരസഭയിൽ ശുചീകരണ തൊഴിലാളികളുടെ തസ്തിക നിലവിൽ ഇല്ലാതിരുന്നതിനാൽ, WA No.1635/2018 in CC(C) No.968/2018 (in WP(C)No.3180/2017) നമ്പർ കേസിന്മേലുള്ള 30.08.2018 ലെ വിധിന്യായത്തിന്റെയും നഗരകാര്യ ഡയറക്ടറുടെ പ്രൊപ്പോസലിന്റെയും അടിസ്ഥാനത്തിൽ ടി കേസിലെ ഹർജിക്കാരായ 11 പേരെ കണ്ടിജന്റ് വിഭാഗം തൊഴിലാളികളായി റെഗുലറൈസ് ചെയ്യുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ടിയാളുകളെ ആ തസ്തികയിൽ നിയമിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഇപ്രകാരം ബഹു.ഹൈക്കോടതിയുടെ 30.08.2018 ലെ വിധിന്യായം നടപ്പിലാക്കികൊണ്ടും 14.01.2019 ലെ സ.ഉ.(സാധാ) 70/2019/തസ്വഭവ പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 25.01.2019 മുതൽ ടിയാളുകളെ നഗരസഭയിൽ സ്ഥിരം തൊഴിലാളികളായി

നിയമിച്ചിട്ടുള്ളതാണ്.

7. 07.01.2013 ലെ GO(P)No.20/2013/FIN പ്രകാരം 01.04.2013 ന ശേഷം ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് ബാധകമായിട്ടുള്ളത്. ഹർജിക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്നതിനാൽ സി.എൽ.ആർ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന താൽക്കാലിക സേവനകാലയളവ് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി കണക്കാക്കണമെന്നുള്ള വാദം അംഗീകരിക്കാൻ നഗരസഭയ്ക്ക് അധികാരമില്ലാത്തതാണെന്നും ആയതിനാൽ ബഹു.ഹൈക്കോടതിയുടെ WP(C) 25838/2021 നമ്പർ കേസിന്മേലുള്ള 27.05.2025 ലെ വിധിന്യായ പ്രകാരം ടി വിഷയത്തിൽ സർക്കാർ തീരുമാനം ലഭ്യമാക്കണമെന്നും നഗരസഭാ സെക്രട്ടറി പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

8. നഗരസഭയിലെ ശുചീകരണ പ്രവർത്തനങ്ങൾ മുടക്കമില്ലാതെ നടത്തുന്നതിന് വേണ്ടി താൽക്കാലികമായി നിയമിക്കപ്പെടുകയും പിന്നീട് 25.01.2019 മുതൽ സ്ഥിരം നിയമനം ലഭിക്കുകയും ചെയ്തവരാണ് ഹർജിക്കാർ. കരാറടിസ്ഥാനത്തിലോ ദിവസവേതനാടിസ്ഥാനത്തിലോ ഒരു നിശ്ചിത ജോലിക്കായി നിയമിക്കപ്പെടുന്നവർക്ക് ആ കാലയളവിലെ പെൻഷൻ അവകാശപ്പെടാനാകില്ലായെന്ന് കെ.എസ്.ആർ ഭാഗം 3 ചട്ടം 4 അനുശാസിക്കുന്നു. ആയതിനാൽ സാനിറ്റേഷൻ വർക്കർമാരുടെ പകരം സർവീസിൽ ജോലിചെയ്ത ദിവസവേതന കാലയളവ് നഗരസഭയിലെ കണ്ടിജന്റ് സ്ഥിരം സർവീസിനൊപ്പം ചേർത്ത് പെൻഷന് കണക്കാക്കണമെന്നുള്ള ഹർജിക്കാരുടെ ആവശ്യം അംഗീകരിക്കാൻ കഴിയില്ല എന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

9. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പ്രതിപാദിച്ചിരിക്കുന്ന സാഹചര്യങ്ങളിൽ, സാനിറ്റേഷൻ വർക്കർമാരുടെ ദിവസവേതന അടിസ്ഥാനത്തിൽ ജോലിചെയ്ത കാലയളവ് നഗരസഭയിലെ കണ്ടിജന്റ് സ്ഥിരം സർവീസിനൊപ്പം ചേർത്ത് പെൻഷന് കണക്കാക്കണമെന്നുള്ള പരാമർശം (2) നിവേദനത്തിലെ ആവശ്യം അംഗീകരിക്കുവാൻ കഴിയുന്നതല്ലാത്തതിനാൽ ആയത് നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

10. WP(C) 25838/2021 നമ്പർ കേസിലെ ബഹു.ഹൈക്കോടതിയുടെ 27.05.2025 ലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)

2. പ്രിൻസിപ്പൽ ഡയറക്ടർ, എൽ. എസ്. ജി. ഡി, തിരുവനന്തപുരം

3. സെക്രട്ടറി, കളമശ്ശേരി നഗരസഭ

4. WP(C) 25838/2021 നമ്പർ കേസിലെ ഹർജിക്കാർ (കളമശ്ശേരി നഗരസഭ സെക്രട്ടറി മുഖേന)

5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനതപുരം
7. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 28-10-2025 10:17:57

സെക്ഷൻ ഓഫീസർ